## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 656 28.09.2016 ലെ മറുപടിയ്ക്ക്**

# കാസർകോട് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാസർകോട് ബാവിക്കര റെഗുലേറ്റർ കം ബ്രിഡ്ജിന്റെ റീ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) വർഷങ്ങളായി പണി പൂർത്തിയാക്കാൻ കഴിയാത്ത ഈ പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ വിദഗ്ദ്ധ പഠനം അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണ് വിദഗ്ദ്ധ പഠനം നടത്തുക എന്നും ഇതിന് ആവശ്യമായ ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | (ബി) ഉണ്ട്; വിശദമായ പഠനം നടത്തി നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് നടപ്പിലാക്കാൻ പര്യാപ്തമായ ശുപാർശ സമർപ്പിക്കുന്നതിനായി, ഡയറക്ടർ, ഐ.ഡി.ആർ.ബി, തിരുവനന്തപുരം, ഡയറക്ടർ, കെ.ഇ.ആർ.ഐ, തൃശ്ശൂർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മെക്കാനിക്കൽ, എറണാകുളം, സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സർക്കിൾ, കോഴിക്കോട് എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ പദ്ധതി പൂർത്തിയാക്കാത്തതുകൊണ്ട് കാസർകോട് നഗരത്തിലെയും പ്രാന്ത പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം രൂക്ഷമാണെന്നതുശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇത് പരിഹരിക്കുന്നതിന് ബദൽ സംവിധാനം ഒരുക്കാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ;<br><br>(ഡി) കാസർകോട് നഗരത്തിലെ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ? | (സി)&(ഡി)<br><br>ഉണ്ട്; കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി വേനൽക്കാലത്ത് കേരള വാട്ടർ അതോറിറ്റി പ്രസ്തുത സ്ഥലത്ത് താത്കാലിക തടയണ നിർമ്മിച്ച് ജലവിതരണം നടത്താറുണ്ട്. |

**സെക്ഷൻ ഓഫീസർ.**